Circular: 3/Gen-OVBS /2020


# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**

**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**


## ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ

Dear Achen/Sir,

OVBS 2021 നെ സംബന്ധിക്കുന്ന സുപ്രധാന വിവരങ്ങൾ ഈ സർക്കുലറിൽകൂടി അറിയിക്കുന്നു.

2020 ലെ OVBS ന്റെ ക്രമീകരണങ്ങൾ 2020 ഫെബ്രുവരിയിൽതന്നെ പൂർത്തീകരിച്ചിരുന്നു എങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ, തീരുമാനിച്ചിരുന്ന ചിന്താവിഷയവും മറ്റ് അനുബന്ധ മറ്റീരിയൽസും ഉപയോഗിച്ച് OVBS 2020 നടത്താൻ സാധിക്കാതെ വരികയും പകരമായി 'Stay Blessed' എന്ന വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മെറ്റീരിയൽസ് ഉപയോഗിച്ച് ഓൺലൈൻ ആയി OVBS 2020 നടത്തുകയും ചെയ്തു.

1. OVBS 2020 ലേക്ക് തയ്യാറാക്കിയിരുന്ന 'ദൈവഹിതം തിരിച്ചറിയുവിൻ' (Discern the will of God) (1 തെസ്സ. 5:18) എന്ന വിഷയവും അനുബന്ധ മെറ്റീരിയൽസും ഉപയോഗിച്ച് OVBS 2021 നടത്തേണ്ടതാണ്. OVBS 2021 ലേക്ക് ആവശ്യമായ മെറ്റീരിയൽസ് ഭദ്രാസന ഡയറക്ടർമാർ മാർച്ച് അവസാനത്തോടെ കേന്ദ്ര ഓഫീസിൽനിന്നും ശേഖരിക്കുന്നതാണ്. ഏപ്രിൽ 4 ഈസ്റ്ററിനുശേഷം കേരളത്തിൽ തെരഞ്ഞെടുപ്പു നടക്കുന്നതിനാൽ, അതിനുശേഷം വിദ്യാർത്ഥികളുടെ പരീക്ഷകളും കോവിഡ് മാനദണ്ഡങ്ങളും പരിഗണിച്ച് യുക്തമായ രീതിയിൽ OVBS നടത്തുവാൻ തീരുമാനിക്കുക. ഒരുമിച്ച് 6 ദിവസങ്ങൾ ലഭ്യമാകുന്നില്ല എങ്കിൽ അനുയോജ്യമായി 6 ദിവസങ്ങളിൽ OVBS നടത്തുവാൻ തീരുമാനിക്കാവുന്നതാണ്.
2. യൂണിറ്റ് തലത്തിൽ OVBS നടത്തിപ്പിനായി ബഹു. വികാരി അധ്യക്ഷനായി കമ്മറ്റി രൂപീകരിക്കുകയും സൂപ്രണ്ട്, കൺവീനർ, അധ്യാപകർ, ടെക്നിക്കൽ ഇൻചാർജ്, മറ്റ് സ്റ്റാഫ് എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്യുക.
3. കമ്മറ്റിയിൽ ആലോചിച്ച് OVBS പ്രചരണത്തിനായി അനുയോജ്യമായ പരിപാടികൾ ക്രമീകരിക്കുക.
4. ഭദ്രാസന ഡയറക്ടർമാർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക (ഓരോ സ്ഥലങ്ങളിലെയും സാഹചര്യങ്ങൾ അനുസരിച്ച്).
5. OVBS 2020 ലേക്ക് ഓരോ ദിവസത്തെയും വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ വീഡിയോകൾ, അധ്യാപകർക്ക് വിഷയത്തെ സംബന്ധിച്ച് കൂടുതൽ ആശയങ്ങൾ ലഭിക്കുന്ന രീതിയിൽ നടത്തിയ ചർച്ചകളുടെ വീഡിയോകൾ, കുട്ടികൾക്കുവേണ്ടി ഓരോ വിഷയത്തെയും അടിസ്ഥാനമാക്കി തയ്യാറാക്കിയ കാർട്ടൂൺ വീഡിയോകൾ എന്നിവ Youtube (www.youtube.com/ossae-ovbs) ചാനലിൽ മാർച്ച് 21 -ാം തീയതി മുതൽ താഴെപ്പറയുന്ന ക്രമം അനുസരിച്ച് ലഭ്യമാക്കുന്നതാണ്. (1) മാർച്ച് 21 മുതൽ ഓരോ ദിവസത്തെയും വിഷയത്തെ ആസ്പദമാക്കിയുള്ള പാനൽ ഡിസ്കഷൻ. (2) മാർച്ച് 28 മുതൽ സീനിയർ ക്ലാസ്സുകളിലേക്കുള്ള വീഡിയോകളും ജൂണിയർ ക്ലാസ്സുകളിലേക്കുള്ള ആനിമേഷനുകളും

(3) ഏപ്രിൽ 4 മുതൽ OVBS ഗാനങ്ങൾ. ഇവയുടെയെല്ലാം QR കോഡുകൾ പാഠപുസ്തകത്തിലും പാട്ടുപുസ്തകത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. OVBS ഓഫ്‌ലൈൻ ആയി നടത്തുന്ന സെന്ററുകളിൽ ആവശ്യമായ കമ്പ്യൂട്ടർ/പ്രൊജക്ടറുകൾ എന്നിവയും ക്രമീകരിക്കുമല്ലോ. മാർച്ച് 25 മുതൽ എല്ലാ മെറ്റീരിയൽസും കേന്ദ്ര ഓഫീസിൽ ലഭ്യമാകുന്നതാണ്.

6. OVBS ന്റെ ഭാഗമായി District/Diocese തലങ്ങളിൽ ക്രമീകരിച്ചിരുന്ന പ്രാദേശിക സംഗമങ്ങൾ ഒഴിവാക്കുക. OVBS റാലിയും ഒഴിവാക്കുക.
7. ഗാനപരിശീലനത്തിനും ചിന്താവിഷയത്തെ ആസ്പദമാക്കിയുള്ള ധ്യാനത്തിനും Seeds, Roots, Buds എന്നീ ക്ലാസ്സുകൾ ഒരു ഗ്രൂപ്പും Leaves, Branches, Flowers, Fruist എന്നിവ മറ്റൊരു ഗ്രൂപ്പും ആയി രണ്ടു ഗ്രൂപ്പുകളിലായി ക്രമീകരിക്കുക. ഗാനപരിശീലനവും ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തേണ്ടതുണ്ട്. പൊതുവായി പഠിപ്പിക്കാവുന്ന ഗാനങ്ങൾ യൂണിറ്റിനെ ഒരു ഗ്രൂപ്പായിത്തന്നെ പഠിപ്പിക്കുക.
8. Offline ക്ലാസ്സുകൾ നടത്തുന്നവർ കോവിഡ്-19 ന് എതിരെയുള്ള എല്ലാ മുൻകരുതലുകളും പൂർണമായി സ്വീകരിച്ചു മാത്രമേ OVBS നടത്താവൂ, ഗവണ്മെന്റ് നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.

OVBS പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. മാത്യു കോശി മോടിശേരിൽ**
ഡയറക്ടർ OVBS (9447409452)

**ഡോ. ഐപ്പ് വർഗീസ് പൊടിമറ്റത്തിൽ**
ജനറൽ സെക്രട്ടറി OVBS (9446448215)



**ഡോ. വർഗീസ് വർഗീസച്ചൻ**
ഡയറക്ടർ ജനറൽ, OSSAE

10 മാർച്ച്, 2021

## MATERIALS PRICE LIST

| PARTICULARS PRICE PER COPY | RS |
|---|---|
| Course Book for students (with Song Book, Pupil's Badge, Certificate, Flag, Pouch etc.) | 100.00 |
| Course Book (only for teachers) | 50.00 |
| Song Book | 15.00 |
| Dhyanasahayiyum Padyethara Pravarthanangalum | 20.00 |
| Superintendent Badge | 5.00 |
| Convener Badge | 5.00 |
| Teachers' Certificate & Badge | 10.00 |
| Manual | 10.00 |
| Big Flag | 60.00 |
| Banner | 200.00 |
| CD | 100.00 |